**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 217** **02-08-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാഠ്യപദ്ധതി രൂപീകരികരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എം.വിജിൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി രൂപീകരിക്കുന്നതിന് ചുമതലപ്പെട്ട ഏജൻസി ഏതാണെന്ന് അറിയിയ്ക്കാമോ; പാഠ്യ പദ്ധതി രൂപീകരണത്തിന്റെ പ്രക്രിയ വിശദമാക്കാമോ; | (എ) | സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി). പാഠ്യപദ്ധതി വികസിപ്പിക്കുന്നതിനായി സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കണം. പാഠ്യപദ്ധതി രൂപീകരണത്തിനായുള്ള പൊതു ആശയ രൂപീകരണത്തിന്റെ ഭാഗമായി വിദഗ്ധരുടെയും ജനങ്ങളുടെയും അഭിപ്രായം തേടണം. അതോടൊപ്പം വിവിധ വിഷയമേഖലയിൽ ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിക്കണം. ഫോക്കസ് ഗ്രൂപ്പുകളുടെ വിപുലമായ ചർച്ചകൾക്ക് ശേഷം ഒരോ മേഖലയെക്കുറിച്ചും രേഖകൾ തയ്യാറാക്കണം. തുടർന്ന് ഇവയെല്ലാം ഉൾച്ചേർത്ത് സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂടിന്റെ കരട് തയ്യാറാക്കും. പ്രസ്തുത കരട് സംസ്ഥാനതലത്തിൽ വിദഗ്ധരുമായി ചർച്ചചെയ്ത് അന്തിമരൂപം നൽകും. ഇതാണ് സാധാരണഗതിയിൽ സംസ്ഥാനത്ത് അനുവർത്തിച്ചുവരുന്ന രീതി. |
| (ബി) | പാഠ്യ പദ്ധതി രൂപീകരണം സർക്കാരിന്റെ സ്വതന്ത്രമായ ചുമതലയിൽ നടത്തുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | വിദ്യാഭ്യാസം എന്നത് സമവർത്തി പട്ടികയിലാണ്. ദേശീയതലത്തിൽ ഭരണഘടനയെ മുൻനിർത്തിമുന്നോട്ടു വയ്ക്കുന്ന പൊതു ധാരണ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട്ടിൽ വ്യക്തമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളിലെ സവിശേഷതകൾ കൂടി ഉൾച്ചേർത്തുകൊണ്ട് സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂടും തുടർന്ന് പാഠപു സ്തകങ്ങൾവരെ ഉണ്ടാക്കുന്നരീതിയാണ് ഇപ്പോൾ പിന്തുടരുന്നത്. എന്നാൽ ദേശീയ വിദ്യാഭ്യാസ നയം 2020 ന്റെ തുടർച്ചയായി ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് ആദ്യം വികസിപ്പിക്കുന്നതിന് പകരം സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂടിന്റെ കരട് ആദ്യം വികസിപ്പിക്കാൻ നിർദ്ദേശിക്കുകയും അത് എൻ.സി.ഇ.ആർ.ടി-ക്ക് അയച്ചു കൊടുക്കണമെന്നും |

| | | | |
|---|---|---|---|
| | | | പ്രസ്തുത സ്ഥാപനം ഇതെല്ലാം പരിഗണിച്ച് ദേശീയ പാഠ്യപ ദ്ധതി ചട്ടക്കൂട് വികസിപ്പിക്കുമെന്നും അതനുസരിച്ച് വേണം സംസ്ഥാന പാഠ്യപ ദ്ധതി ചട്ടക്കൂടിന് അന്തിമരൂപം നൽകേണ്ടത് എന്നുമാണ് ഇപ്പോൾ ലഭിച്ചിരിക്കുന്ന നിർദ്ദേശം. ഇപ്രകാരം പറയുന്നത് ഇതുവരെ പിന്തുടരുന്ന രീതിക്ക് വിരുദ്ധമാണ്. അതുകൊണ്ട് തന്നെ പാഠ്യപദ്ധതി രൂപീകരണം സംസ്ഥാന സർക്കാറിന്റെ സ്വതന്ത്ര ചുമതലയിൽ നടത്തുന്നതിന് ഭാവിയിൽ തടസ്സങ്ങളുണ്ടാകാം. |
| (സി) | പാഠ്യ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രസർക്കാർ ഏതെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ അത് സംസ്ഥാനത്തെ വിദ്യാഭ്യാസത്തിന്റെ ജനാധിപത്യ ഉള്ളടക്കത്തെ എങ്ങിനെ ബാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് ആദ്യം തയ്യാറാക്കുകയും. തുടർന്ന് സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കുകയും ചെയ്യുക എന്നതാണ് ഇതുവരെ കൈക്കൊണ്ടിരുന്ന രീതി. ഇതിൽ നിന്നും ഭിന്നമായി സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂട് ആദ്യം തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പി ക്കണമെന്നും ദേശീയതലത്തിൽ തുടർന്ന് ദേശീയപാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പി ക്കുമെന്നും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂട്അന്തിമമാകണമെന്നുമാണ് ഇപ്പോൾ ലഭിച്ചിരിക്കുന്ന നിർദ്ദേശം. ഇത് ജനാധിപത്യപരമല്ലാ എന്ന് മാത്രമല്ല കേന്ദ്രീകരണത്തിനുള്ള ശ്രമവുമായി മാറാം. ഇത്തരം കേന്ദ്രീകരണ ശ്രമങ്ങൾ വിദ്യാഭ്യാസത്തിന്റെ ജനാധിപത്യ ഉള്ളടക്കത്തെ ദോഷകരമായി ബാധിച്ചേക്കാം. |

സെക്ഷൻ ഓഫീസർ